ഉത്തരം

(എ) കെ.എസ്.ടി.പി. ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ പുറമ്പോക്കിലുള്ള സ്ഥലം വരുമാനദായകമാക്കുന്നതിന് പി.പി.പി. മോഡലിൽ ഒരു പദ്ധതി പരിഗണനയിലാണ്.

(ബി) ദേശീയപാതാ വികസനം പൂർത്തിയായിട്ടില്ലാത്തതിനാൽ ദേശീയ പാതകളിൽ ഇത്തരം സ്ഥലം കണ്ടെത്തിയിട്ടില്ല.

ദേശീയപാതകളിലെ ടോൾ പിരിവ്

335 (1379) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതയിലെ പാലങ്ങളിൽ നിർമ്മാണത്തിന് ചെലവായ സംഖ്യയെക്കാളും തുക ടോൾ ഇനത്തിൽ ലഭിച്ചിട്ടും ചില പാലങ്ങളിൽ ടോൾ പിരിവ് തുടരുന്നുവെന്ന വസ്തുത ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) ദേശീയപാതകളിലെ ടോൾ പിരിവ് കേന്ദ്ര സർക്കാരിന്റെ നിയമമനുസരിച്ചാണോ നടക്കുന്നത് ;

(സി) നിർമ്മാണ ചെലവിനെക്കാളും തുക ലഭിച്ച പാലങ്ങളുടെ ടോൾ പിരിവ് അവസാനിപ്പിക്കുന്നതിന് കേന്ദ്ര ഉപരിതലഗതാഗത വകുപ്പിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ദേശീയപാതയിലെ പാലങ്ങളിൽ ടോൾ പിരിക്കുന്നത് കേന്ദ്ര ടോൾ നിയമമനുസരിച്ചാണ്. ഇതനുസരിച്ച് ചെലവായ മുഴുവൻ തുകയും പിരിഞ്ഞു കിട്ടിക്കഴിഞ്ഞാൽ ടോൾ ഫീയുടെ 40% ഇളവു വരുത്തി പിരിവ് നിരന്തരം തുടരേണ്ടതാണ്.

(സി) ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ചാലക്കുടിയിലെ അണ്ടർ പാസേജിന്റെ അപ്രോച്ച് റോഡിന്റെയും ഡ്രെയിനേജിന്റെയും നിർമ്മാണം

336 (1380) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ റെയിൽവേ നിർമ്മാണം പൂർത്തിയാക്കിയ അണ്ടർ പാസേജിന്റെ അപ്രോച്ച് റോഡിന്റേയും ഡ്രെയിനേജിന്റേയും നിർമ്മാണം ഇനിയും ആരംഭിക്കാത്തതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു. ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ള റോഡുകൾ

337 (1381) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം റോഡുകൾ ഏറ്റെടുത്തിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

ദേശീയപാതയിൽ ഡിവൈഡർ

338 (1382) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ ദേശീയപാതയുടെ വിവിധ ഭാഗങ്ങളിൽ ഡിവൈഡർ ഇല്ലാത്തതുകൊണ്ട് കൂടുതൽ വാഹന അപകടം ഉണ്ടാകുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അപകടം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) ഡിവൈഡർ ഇല്ലാത്ത ഭാഗങ്ങളിൽ ഡിവൈഡർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) . ദേശീയപാതയിലെ വാഹനത്തിരക്കും അശ്രദ്ധമായ ഡ്രൈവിംഗുമൂലം അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ അപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ അപകടം കുറയ്ക്കുന്നതിന് ഡിവൈഡറുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly